**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 596** — **11-11-2021 - ൽ മറുപടിയ്ക്ക്**

**വയോമിത്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനുള്ള വയോമിത്രം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ വാർഷിക ഓഡിറ്റ്, പെർഫോർമൻസ് ഓഡിറ്റ്, ഇന്റേർണൽ ഓഡിറ്റ് എന്നിവ കൂടാതെ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഗവേർണിംഗ് ബോഡിയിലും ചർച്ച ചെയ്യപ്പെടുന്നുണ്ട്. സംസ്ഥാനത്തെ നഗര/ഗ്രാമ പ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്കു ആവശ്യമായ ജീവിതശൈലി രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ് ഡെസ്കിന്റെ സേവനം, കൗൺസിലിങ് സേവനം എന്നിവ പദ്ധതിയിലൂടെ നൽകുന്നു. 2010-11 സാമ്പത്തിക വർഷം കൊല്ലം, തിരുവനന്തപുരം നഗരസഭകളിൽ ആരംഭിച്ച പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ 85 നഗരസഭകളിലും, 6 കോർപറേഷനുകളിലും 4 ബ്ലോക്ക് പഞ്ചായത്തിലും നടപ്പാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ എ പി എൽ /ബി പി എൽ വ്യത്യാസം ഇല്ലാതെ രജിസ്റ്റർ ചെയ്യുന്ന എല്ലാ 65 വയസു കഴിഞ്ഞ മുതിർന്ന പൗരർക്കും പദ്ധതി സേവനം ലഭിക്കുന്നതാണ്. നഗരസഭാ/ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ടു മുതൽ മൂന്ന് വാർഡിനു ഒരു ക്ലിനിക് എന്ന രീതിയിൽ ഒരു പൊതു സ്ഥലം കണ്ടെത്തി (അംഗൻവാടി, വായനശാല മുതലായവ) മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ്, ജെ പി എച്ച് എൻ എന്നിവരടങ്ങുന്ന മെഡിക്കൽ ടീം മരുന്നുമായി എത്തി ഗുണഭോക്താക്കളെ പരിശോധിച്ച് ആവശ്യമായ മരുന്ന് നൽകി വരുന്നു. ഈ സേവനങ്ങൾക്ക് പുറമെ മുതിർന്ന പൗരർക്കു മാനസിക ഉല്ലാസത്തിനുള്ള ധാരാളം വേദികളും വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ആഘോഷങ്ങളുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് കലാപരിപാടികൾ, വയോജന ദിനാഘോഷം, വിവിധ ക്യാമ്പുകൾ എന്നിവയും വയോമിത്രം യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കാറുണ്ട്. |
| (ബി) | കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ ആശുപത്രികളിൽ ചികിത്സ തേടാൻ കഴിയാത്ത വയോജനങ്ങൾക്കായി പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ള ആരോഗ്യ സേവനങ്ങൾ വിശദീകരിക്കാമോ; | (ബി) | കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ ആൾക്കൂട്ടങ്ങൾ ഒഴിവാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയോമിത്രം ക്യാമ്പുകൾ താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ ഗുണഭോക്താക്കളായ വയോജനങ്ങൾക്കു ആവശ്യമായ മരുന്നുകൾ വയോമിത്രം ജീവനക്കാർ, ജനപ്രതിനിധികൾ, ആശാ വർക്കർമാർ, അംഗൻവാടി പ്രവർത്തകർ എന്നിവർ മുഖേനെ അവരുടെ വീട്ടുകളിൽ എത്തിക്കുകയുണ്ടായി. അത്യാവശ്യ സന്ദർഭങ്ങളിൽ ടെലിഫോൺ ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് മെഡിക്കൽ ഓഫീസറെ നേരിട്ട് വിളിച്ചും, വീഡിയോ കാളിങ് ആവശ്യമുള്ള സന്ദർഭങ്ങളിൽ അപ്രകാരവും ബന്ധപ്പെടാൻ സംവിധാനം ഒരുക്കിയിരുന്നു. വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്ക് സാമൂഹ്യ നീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ബോധവത്കരണ ക്യാമ്പയിൻ നടത്തിയിട്ടുണ്ട് . വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്ക് സാമൂഹ്യ നീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ഗ്രാൻഡ് കെയർ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുകയും, വയോജനങ്ങളെ ഫോൺ മുഖാന്തരം ബന്ധപ്പെട്ട് അവരുടെ ആരോഗ്യ നിലയും, ഏതെങ്കിലും സേവനങ്ങൾ ആവശ്യമുണ്ടോ എന്ന വിവരം തിരക്കുകയും, ആവശ്യമായവ മറ്റു വകുപ്പുകളുമായി ബന്ധപ്പെടുത്തി നൽകാനും കഴിഞ്ഞു. കോവിഡ് 19 കൂടുതലായി പടർന്നു പിടിച്ച തിരുവനന്തപുരം ജില്ലയിലെ ചില തീരപ്രദേശങ്ങളിൽ ആരോഗ്യ വകുപ്പും ജില്ലാ ഭരണകൂടവുമായി ചേർന്ന് Reverse Quarantine Facility (RQF) സെന്ററുകൾ ആരംഭിച്ചു. ബന്ധുക്കൾ കോവിഡ് 19 പിടിപെട്ട് ആശുപത്രിയിലും/ quarantine സെന്ററുകളിലും കഴിയുന്ന അവസ്ഥയിൽ വീട്ടുകളിൽ ഒറ്റപ്പെട്ടു പോയ വയോജനങ്ങളെ ഈ സെന്ററുകളിൽ എത്തിച്ചു ആവശ്യമായ മരുന്ന്, ആഹാരം എന്നിവ നൽകുന്നതിനും നടപടികൾ സ്വീകരിച്ചു. |
| (സി) | പ്രസ്തുത പദ്ധതി പഞ്ചായത്ത് പരിധികളിലേക്ക് കൂടി | (സി) | വയോമിത്രം പദ്ധതി പഞ്ചായത്ത് തലത്തിൽ കൂടി |

| | | | |
|---|---|---|---|
| | വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | നടപ്പാക്കുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഉദ്ഘാടനം 13 -05 -2018 ന കോഴിക്കോട് റൂറൽ ബ്ലോക്കിൽ നടത്തുകയും ഘട്ടം ഘട്ടമായി പാറശാല ബ്ലോക്ക് (തിരുവനന്തപുരം), കടുത്തുരുത്തി ബ്ലോക്ക് (കോട്ടയം), ഒല്ലൂക്കര ബ്ലോക്ക് (തൃശ്ശൂർ) എന്നിവിടങ്ങളിലെ പഞ്ചായത്തുകളിൽ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്കിൽ പദ്ധതി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി എന്നീ ബ്ലോക്കുകളിൽ പദ്ധതി ആരംഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി ഘട്ടം ഘട്ടമായി എല്ലാ പഞ്ചായത്തുകളിലേക്കും പദ്ധതി പൂർണമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം വയോജനങ്ങൾക്ക് ചികിത്സ സേവനങ്ങൾക്ക് പുറമേ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ? | (ഡി) | പ്രസ്തുത പദ്ധതി പ്രകാരം വയോജനങ്ങൾക്കു ചികിത്സ സേവനങ്ങൾക്ക് പുറമെ ഹെൽപ് ഡെസ്കിന്റെ സേവനം, പാലിയേറ്റീവ് സേവനം, കൗൺസിലിങ് സേവനം എന്നിവയും വയോജനങ്ങൾക്കു മാനസിക ഉല്ലാസം നൽകുന്നതിലേക്ക് വേണ്ടിയുള്ള വിവിധ പരിപാടികളും നൽകി വരുന്നുണ്ട്. പദ്ധതിയിലെ പ്രധാന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പദ്ധതിയിലെ  പ്രധാന സേവനങ്ങൾ:

### 1. മൊബൈൽ ക്ലിനിക്ക്:

ഓരോ വയോമിത്രം പദ്ധതിയുടെയും പരിധിയിൽ വരുന്ന, ശാരീരിക അസുഖങ്ങൾ നേരിടുന്ന വയോജനങ്ങൾക്കായി ഒന്നോ രണ്ടോ വാർഡുകൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്ക് എത്തിചേരാൻ സൗകര്യപ്രദവും പൊതുസ്വഭാവവുമുള്ള  സ്ഥാപനങ്ങൾ കണ്ടെത്തി അവയെ മൊബൈൽ ക്ലിനിക്ക് കേന്ദ്രമായി വളർത്തിയെടുക്കുക. അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയ ഇത്തരം കേന്ദ്രങ്ങളിൽ ഒന്നിടവിട്ട ആഴ്ചകളിൽ രണ്ട് മണിക്കൂർ വീതം മൊബൈൽ ക്ലിനിക്കുകൾ മുൻ നിശ്ചയിച്ച സമയ പ്രകാരം ക്രമമായ ദിവസങ്ങളിൽ എത്തിചേരുക. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തുടങ്ങിയവരുടെ സേവനങ്ങളും ആവശ്യമായ മരുന്നുകളും മൊബൈൽ ക്ലിനിക്കുകളിൽ ഉറപ്പുവരുത്തുക. രജിസ്റ്റർ ചെയ്ത മുഴുവൻ വയോജനങ്ങൾക്കും സേവനം നൽകുക.

### 2. ഹെൽപ്പ് ഡെസ്ക്:

വയോമിത്രം ഓഫീസുകൾ വയോജനങ്ങൾക്കുള്ള റഫറൽ സർവ്വീസാക്കി പ്രവർത്തിക്കുന്നതാണ്. (പ്രധാനമായി നൽകുന്ന സേവനങ്ങൾ)

താഴെപ്പറയുന്ന  വിവരങ്ങൾ ശേഖരിച്ച് വെയ്ക്കുക.

1. വയോജന സേവനവുമായി ബന്ധപ്പെട്ട മുഴുവൻ ഫോൺ നമ്പരുകൾ
2. ആശുപത്രി വൃദ്ധമന്ദിരങ്ങൾ, എൻ.ജി.ഒ ആമ്പുലൻസ്, പോലീസ് എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ
3. വയോജനങ്ങളുമായി ബന്ധപ്പെട്ട നിയമ സഹായങ്ങൾ
4. വയോജന നയവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ
5. വയോജനങ്ങൾക്ക് ലഭിക്കേണ്ട സർക്കാർ സഹായങ്ങളുടെ അപേക്ഷകൾ

പോലീസ്, നഗരസഭ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ, സ്കൂൾ, എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്, ഗൈഡ്സ്, സ്റ്റുഡൻസ് പോലീസ്,  റസിഡൻസ് അസോസിയേഷൻ തുടങ്ങിയ കൂട്ടായ്മകളിലെല്ലാം വയോമിത്രത്തിന് ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുതിർന്ന പൗരർക്കായുള്ള സേവനങ്ങൾ നടപ്പിലാക്കുന്ന ഏജൻസിയായി വയോമിത്രം പദ്ധതികൾക്ക് പ്രവർത്തിക്കാവുന്നതാണ്.

**3. കൗൺസിലിംഗ്:**

മുതിർന്ന പൗരർ അഭിമുഖീകരിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വയോമിത്രം പദ്ധതിയിൽ ആസൂത്രണം ചെയ്യുന്ന ക്ലിനിക്കാണ് വയോമിത്രം കൗൺസിലിംഗ്. ഒറ്റപ്പെടലും അവഗണനകളും, ശാരീരിക അസുഖങ്ങളും, സാമ്പത്തിക പരാധീനതകളും വയോജനങ്ങൾക്ക് കടുത്ത മാനസിക സംഘർഷങ്ങൾക്ക് വഴിയൊരുക്കും. ഇത്തരം സന്ദർഭങ്ങളിൽ മൊബൈൽ ക്ലിനിക്കുകൾക്കും, പാലിയേറ്റീവ് കെയറിനും ഉപരിയായി പ്രവർത്തിക്കുവാൻ വയോമിത്രം കൗൺസിലിംഗ് സെൻററിന് സാധിക്കുന്നതാണ്.